...വിഡായ സംരംഭങ്ങൾക്കുമായി 3 കോടി, ലൈഫ് പദ്ധതിക്കായി ഒരു കോടി, മാതൃശിശു സംരക്ഷണ പദ്ധതികൾക്ക് 64 ലക്ഷം എന്നിങ്ങനെ വകയിരുത്തി.

...ത്തോടെ ഗവ. മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ തയാറാക്കിയ ജല ഗുണനിലവാര പരിശോധന ലബോറട്ടറി പ്രവർത്തനം തുടങ്ങി.

സനീഷ്കുമാർ ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഒന്നര ലക്ഷം രൂപ ചെലവഴിച്ചാണു ലാ...

...സമിതിയധ്യക്ഷൻ എം.എം. അനിൽകുമാർ അധ്യക്ഷത വഹിച്ചു. നിത പോൾ, ഷിബു വാലപ്പൻ, ജെയ്സി ആന്റണി, പുഷ്പവല്ലി പുതുശേരി എന്നിവർ പ്രസംഗിച്ചു. ഹരിത കേരള മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ സി.കെ. ജയകുമാർ, ഹയർ സെക്കൻഡറി പ്രിൻസിപ്പൽ നിത ആർ. നായർ, പിടിഎ പ്രസിഡന്റ് എൻ.എൽ. ജസ്റ്റിൻ എന്നിവർ പ്രസംഗിച്ചു.

## നൈപുണ്യ ജേതാക്കൾ

കൊരട്ടി ● കാലിക്കറ്റ് സർവകലാശാലാ ഇന്റർ കൊളേജിയറ്റ് വടംവലി ചാംപ്യൻഷിപ്പിൽ പുരുഷ, വനിത, വിഭാഗങ്ങളിൽ നൈപുണ്യ കോളജ് ജേതാക്കളായി. വടംവലി ഫെഡറേഷൻ ഓഫ് ഇന്ത്യ ജോയിന്റ് സെക്രട്ടറി ആർ. രാമനാഥൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഫാ.കെ.ജെ. പോളച്ചൻ അധ്യക്ഷത വഹിച്ചു. ഫാ. ജിമ്മി കുന്നത്തൂർ, ഫാ. ജോസ് കറാച്ചിറ, എമിലി ഇട്ടിയച്ചൻ, പി.എ. ശ്രീജിത് എന്നിവർ പങ്കെടുത്തു.



കാലിക്കറ്റ് സർവകലാശാല വടംവലി മത്സരത്തിലെ എല്ലാ വിഭാഗത്തിലും ജേതാക്കളായ നൈപുണ്യ കോളജ് ടീം.

LIBRARY